# E Paper

## മലയാള മനോരമ



ഹയർ സെക്കൻഡറി മേഖലയിലെ വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്നാവശ്യപ്പെട്ട് കേരള ഹയർ സെക്കൻഡറി ടീച്ചേഴ്സ് യൂണിയൻ സംഘടിപ്പിച്ച ആർഡിഡി ഓഫിസ് മാർച്ച് കോഴിക്കോട്ട് മുസ്‌ലിം ലീഗ് സംസ്ഥാന ട്രഷറർ പി.കെ.കെ. ബാവ ഉദ്ഘാടനം ചെയ്യുന്നു. ചിത്രം: മനോരമ

## www.madhyamam.com
## മാധ്യമം




ഹയർസെക്കൻഡറി മേഖലയിലെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണണമെന്നാവശ്യപ്പെട്ട് കെ.എച്ച്.എസ്.ടി.യു ആഭിമുഖ്യത്തിൽ നടത്തിയ ആർ.ഡി.ഡി ഓഫിസ് മാർച്ച്

# ഹയർസെക്കൻഡറി അധ്യാപകർ മാർച്ച് നടത്തി

കോഴിക്കോട്: ഹയർസെക്കൻഡറി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ സത്വര നടപടികൾ സ്വീകരിക്കണമെന്ന് മുസ്‌ലിംലീഗ് സംസ്ഥാന ട്രഷറർ പി.കെ.കെ. ബാവ ആവശ്യപ്പെട്ടു. അധ്യാപകർ കോഴിക്കോട് ആർ.ഡി.ഡി ഓഫിസിലേക്ക് നടത്തിയ മാർച്ചും ധർണയും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

വിളക്കോട്ടൂർ മുഹമ്മദലി അധ്യക്ഷത വഹിച്ചു. ഒ. ഷൗക്കത്തലി, കരിക്കുലം കമ്മിറ്റി അംഗം കെ.ടി. അബ്ദുൽ ലത്തീഫ്, പി.എം. കൃഷ്ണൻ നമ്പൂതിരി, നിസാർ ചേലേരി, വി.കെ. അബ്ദുറഹ്മാൻ, വി.പി. അബ്ദുൽ അസീസ്, പി.എ. ഗഫൂർ, കെ.കെ. ആലിക്കുട്ടി, സി.ടി.പി. ഉണ്ണി മൊയ്തീൻ, ബഷീർ വയനാട്, പി.പി. സിദ്ദീഖ് എന്നിവർ സംസാരിച്ചു.

ശനിയാഴ്ച അവധിദിവസമായി പ്രഖ്യാപിക്കുക, വെട്ടിക്കുറച്ച തസ്തികകൾ പുനഃസ്ഥാപിക്കുക, അധികബാച്ചിൽ നിയമിതരായ അധ്യാപകർക്ക് മുൻകാല പ്രാബല്യത്തോടെ ശമ്പളം നൽകുക, ഹയർസെക്കൻഡറിയിൽ സപ്പോർട്ടിങ് സ്റ്റാഫിനെ നിയമിക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചായിരുന്നു ആർ.ഡി.ഡി ഓഫിസ് മാർച്ച്.